

# അക്ഷരശലഭങ്ങൾ

ഡിജിറ്റൽ മാഗസിൻ 2023-24
ജി എച്ച് എസ് എസ് പട്ടുവം

# ജി എച്ച്എസ് എസ് പട്ടുവം




സ്നേഹനികേതൻ വകയായുള്ള കമ്യൂണിറ്റിഹാളിൽ ശ്രീ. പി. കുഞ്ഞിക്കണ്ണൻ മാസ്റ്ററുടെ നേതൃത്വത്തിലായിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. പിന്നീട് 1983-ൽ സ്വന്തമായി കെട്ടിടം നിർമിച്ച് പ്രവർത്തിച്ചുവരുന്ന ഈ സ്കൂളിന്റ സ്ഥിതി ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. 1980-ലെ കേരളാ സർക്കാരിന്റെ ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്ന നയത്തിന്റ ഭാഗമായാണ് സ്കൂൾ അനുവദിക്കപ്പെട്ടത്.ഇതിനായി പട്ടുവം ഗ്രാമസേവാസംഘം മൂന്ന് ഏക്കർ സ്ഥലം സംഭാവനയായി നൽകി. കൂടാതെ നാട്ടുകാരുടെയും പഞ്ചായത്തിന്റേയും സഹായത്തോടെ അഞ്ച് മുറികളുള്ള ഒരു കോൺക്രീറ്റ് കെട്ടിടവും നിർമിച്ചു കൊടുത്തു. ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് മുഖ്യ പങ്ക് വഹിച്ചത് സി എച്ച് കുഞ്ഞിരാമൻ മാസ്റ്റർ പ്രസിഡൻറും ശ്രീ.വി ആർ പട്ടുവം സെക്രട്ടറിയുമായ സ്പോൺസറിംഗ് കമ്മിറ്റിയാണ്.

റവന്യു ജില്ല

കണ്ണൂർ

വിദ്യാഭ്യാസ ജില്ല

തളിപ്പറമ്പ്

ഉപജില്ല

തളിപ്പറമ്പ് നോർത്ത്

പ്രധാന അധ്യാപിക

പ്രസന്നകുമാരി ടി പി

പി.ടി.എ പ്രസിഡന്റ്

രാജൻ.പി

എം പി.ടി.എ പ്രസിഡന്റ്

സൈനബ എസ് പി

കൈറ്റ് മാസ്റ്റർ സംഗീത വി വി
കൈറ്റ് മിസ്ട്രസ് അനിലപ്രഭ




# ആശംസ

സ്കൂളിലെ **' ലിറ്റിൽ കൈറ്റ് '** യൂണിറ്റിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ സർഗ്ഗ- സൃഷ്ടികളെ കോർത്തിണക്കി ഒരു ഡിജിറ്റൽ മാഗസീൻ തയ്യാറാക്കിയിരിക്കുന്നു എന്നത് ഏറെ സന്തോഷം നൽകുന്നു.വിവരസാങ്കേതിക വിദ്യയുടെ ചിറകിലേറി പറക്കാൻ തയ്യാറായി നിൽക്കുന്ന **' അക്ഷരശലഭങ്ങൾ '** ക്ക് ആശംസകൾ....

ഇതിനു വേണ്ടി പ്രയത്നിച്ച പ്രീയപ്പെട്ട കുട്ടികളെയും അധ്യാപികമാരെയും അഭിനന്ദിക്കുന്നതോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു....

പ്രസന്നകുമാരി.ടി.പി
ഹെഡ്മിസ്ട്രസ്

ജി എച്ച് എസ്എസ് പട്ടുവം

# ആശംസകളോടെ

ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ

അധ്യാപകർ

ഓഫീസ് സ്റ്റാഫ്

പി ടി എ

എസ് എം സി


# എഡിറ്റോറിയൽ അംഗങ്ങൾ



# നഗരജിവിതം   നരകതുല്യം

കതകുകളും  ജനാലകളും  കൊട്ടിയടച്ച് അവൾ ലാപ്പ്ടോപ്പിന്' കുനിഞ്ഞ് കൂടി ഇരിപ്പാണ്.'വർക്ക്
ഫ്രം ഹോം' ആണ്  ഫ്ലാറ്റിന്റെ ബാൽക്കണിയിൽ
ഒരു മണി പ്ലാന്റ് പോലുമില്ല. ജനാലകളിലൂടെ കാറ്റൊമറ്റൊ അകത്തു കേറിയാൽ മുഷിഞ്ഞ
ദുർഗന്ധമാണ്. ഭർത്താവ് രാവിലെ തന്നെ  കാറുമെടുത്ത് ഓഫീസിലെക്ക് പുറപ്പെട്ടിരിക്കുന്നു
ചെയ്തുതീർക്കാനുള്ള പണികൾ ദ്രുതിയിൽ ചെയ്യുന്ന അവൾ മൊബൈൽ ഫോൺ റിംങ്ങ് ചെയ്യുന്നത്
കേട്ടാണ് മുഖം തിരിച്ചത് അവൾ കൊൾ അറ്റന്റ് ചെയ്തു ഗ്രാമത്തിൽ നിന്നും അമ്മയാണ് വിളിച്ചത്.
"ഹലോ" "ആഹ് അമ്മേ പറയൂ" അവൾ അമ്മയ്ക്ക് മറുപടി നൽകി. "സുഖമാണോ മോളെ"
അമ്മചോദിച്ചു "അതെ അമ്മെ സുഖം"അവൾ പറഞ്ഞു."സിന്ദു എവിടെ"അമ്മയുടെ ചോദ്യം കേട്ടാണ്
അവൾ മകനെ പറ്റി ഒർത്തത്. അവൾ ദ്രുതിയിൽ മകന്റെ മുറിയിലേക്ക് ഓടി. കട്ടിലിന്റെ മൂലയിൽ
ഇരുന്ന് വിഡിയോ ഗേം കളിക്കുന്ന മകനെ കണ്ട് അവൾ ഒരു ദിർഘനിശ്വാസം വിട്ടു "അവൻ
ഇവിടെ ഉണ്ട് അമ്മേ"അവൾ അമ്മയോടായി പറഞ്ഞു.”നീ എപ്പഴാ ഇങ്ങോട്ട് വരുക"?
അമ്മ ആവലാതിആ ചോദ്വം കേട്ടതും അവൾ ഒന്നും മിണ്ടാതെ ഫോൺ  കട്ട് ചെയ്തു.യോടെ
ചോദിച്ചു.  ഈ തീരാ തിരക്കിനിടെയിൻ അവൾക്ക് അമ്മയെ പോയി കാണൻ നേരമില്ല.ഒരു
മാസത്തിലെ ശംമ്പളത്തിന്റെ വില പോലും അവൾ അമ്മെയ്ക്ക് നൽകുന്നില്ല. വേണ്ടി പെറ്റമ്മയെ വരെ
മറന്ന് അവൾ കഠിനമായി അദ്ധ്വാനിക്കുകയാണ്. പക്ഷേ വിയർപ്പ് തുള്ളികൾ ഇറ്റു വീഴുന്നില്ല .ഉച്ച
നേരമായപ്പോൾ
സ്വിഗ്ഗിയിൽ ഭക്ഷണം  ഓർഡർ ചെയ്തു.മകനുള്ളത് അവന്റെ മുറിയിൽ
കൊണ്ടുവച്ചിട്ട് ഒരു വാക്കുപോലും മിണ്ടാതെ ലാപ്പ്ടോപ്പിന് മുന്നിലേക്ക് നടന്നു...മുറിയിൽ ഇരുന്നാലും
പുറത്തിറങ്ങിയാലും ഹോണടികൾ മാത്രം കേൾക്കുന്ന നഗര ജീവിതം ഒരു നരഗജീവിതമായി
അവൾക്ക്   തോന്നി തുടങ്ങിയിരുന്നു. എന്നിരുന്നാലും പണത്തിനു വേണ്ടിയുള്ള  ആർത്തിയിൽ
മുഴുകിയ അവ  നഗരത്തിൽ നിന്നുള്ള മോചനത്തെ കുറിച്ചോർക്കുവാൻ  പോലും  സാധിച്ചില്ല.
 കാലമേറെ  കഴഞ്ഞു. സിദ്ധു ഇന്നൊരു തീരാ നൊമ്പരമായി മാറിക്കഴിഞ്ഞിട്ടുണ്ടായിരുന്നു.
മൊബൈൽ ഫോണിനും,വീടിയോ
ഗേമുകൾക്കും അടിമപ്പെട്ട അവൻ ബുദ്ധി ഫ്ലാറ്റിൽ നിന്നും ചാടി ആത്മഹ്യ

ചെയ്തു. മകനെ നഷ്ടപ്പെട്ട ദമ്പതികൾ ആ നഗരത്തിലെ ഏതോ ഒരു മാനസികായശുപത്രിയിലെ ഒരു
ഇരുട്ടറയിൽ കഴിയുന്നു.ഗ്രാമത്തിലെ ആ തറവാട്ടിൽ ഒരു മൂകമായി ആ
മാതാവ്,മകൾക്കും,മരുമകനും,കൊച്ചു
മകനും, വേണ്ടി കാത്തിരിക്കുന്നു.



FIDHA S P
XA

## ആഗ്രഹങ്ങൾക്ക് വേണ്ടി

## പോരാടിയ കുട്ടി

ഒരിക്കൽ മീഹലാ എന്ന സ്ഥലത്ത് ഒരു ആൺകുട്ടി ഉണ്ടായിരുന്നു. അവന്റെ പേര് ലൂഹ .അവന് പതിമൂന്ന് വയസ്സ് പ്രായം 8-ാം ക്ലാസ്സിൽ പടിക്കുന്നു. ചെറിയ പ്രായത്തിൽ തന്നെ അവന്റെ കുടുംബക്കാർക്ക് അവനേക്കാൾ അവന്റെ അനിയനെയാണ് ഇഷ്ടം .പക്ഷേ  അവൻ അവന്റെ ആഗ്രഹങ്ങൾക്ക് വേണ്ടി സ്വയം ആത്മധൈര്യത്തോടെ മുന്നോട്ട് പോവുംമ്പോഴും അവന്റെ കുടുംബക്കാരും സ്വന്തം അച്ഛനും അമ്മയും അവനെ തളർത്തിക്കൊണ്ടിരിന്നു . പലസ്ഥലത്തും അവൻ പരാചയപ്പെട്ടെങ്കിലും അവന്റെ ആത്മധൈര്യം അവനെ കൈവിട്ടില്ല. അങ്ങനെ അവന് ഇന്ന് ഇരുപത്തിരണ്ട് വയസ്സായി. അവന്റെ കുടുംബക്കാരും അനിയനും അച്ഛനും അമ്മയുമൊക്കെ അവനെ തളർത്തിയെങ്കിലും അവന്റെ ആഗ്രഹങ്ങളൊക്കെ അവൻ കൈവിടാൻ തയ്യാറായില്ല. അതുകൊണ്ട് അവൻ ഇന്നും ഒരു ലോകം അറിയുന്ന ഒരു ബിസിനസ്സ് മേനായി മാറി. ചെറിയ വയസ്സിൽ തന്നെ ലോകം അറിയുന്ന ബിസിനസ്സ് മേനായത് കൊണ്ട് അവന് ലക്ഷക്കണക്കിന് ഫാൻസും ഉണ്ട്.

ഗുണപാഠം:-നമ്മൾ നമ്മുടെ ആഗ്രഹങ്ങളോ ആത്മധൈര്യമോ ഒരിക്കലും കൈവിടരുത്.കാരണം നാളെ നമ്മളും ലോകം അറിയുന്ന ആരെങ്കിലും ആയാലോ



SAMANYA
VIII A

# കൂട്ടുകാരോടുള്ള ഇഷ്ടം

അങ്ങനെ അവൻ ഒൻപതാം ക്ലാസ്
കഴിഞ്ഞു.അവധിക്കാലം ആരംഭിച്ചു."മോനെ
അപ്പൂ"അമ്മ അടുക്കളയിൽ നിന്ന് വീടിന്റെ
വരാന്തയിൽ എന്തോ
ആലോചിച്ചിരിക്കുകയായിരുന്ന അഭിന്ദി
നെ വിളിച്ചു.അമ്മയുടെ വിളികേട്ട് അവൻ
പെട്ടെന്ന് ആ ആലോചനയിൽ നിന്നും ഉണർന്നു.
“ആ ദാ വരുന്നു"അവൻ എഴുന്നേറ്റ്
അടുക്കളയിലേക്ക് നടന്നു,അമ്മ പറഞ്ഞു "നീ
ഇമ്മിണി നേരായല്ലോ ഒരേയിരിപ്പ്
തുടങ്ങിയിട്ട്,എന്താടാ നിനക്കിത്ര
ആലോചിക്കാൻ?,നിന്റെ കൂട്ടുകാ
ർ കളിക്കാൻ വിളിച്ചപ്പോഴും പോയില്ലല്ലോ എന്തു
പറ്റി എന്റെ മോന്".
"ഒന്നുമില്ലമ്മേ...”,എന്നും പറഞ്ഞുകൊണ്ട്
അഭിനന്ദ് ചാർജിലിട്ട ഫോൺ എടുക്കാനായി പോ
യി.പിന്നെ കുറച്ചുനേരത്തേക്ക് അതും
നോക്കിയിരിപ്പായി.
എന്തെങ്കിലും ഒരു ചെറിയകാര്യത്തിന്
വലിയതോതിൽ കാര്യങ്ങൾ ആലോചിച്ച്
കൂട്ടുന്നത്
അവന്റെ സ്വഭാവമാണ് .രത്രി ഉറങ്ങാൻ കിടക്കും
നേരം തന്റെ അമ്മ അഭിനന്ദിനോട് ചോദി
ച്ചു,"എന്തടാ നിനക്കെന്നോട് പറയാൻ പറ്റാത്ത
കാര്യം?”അഭിനന്ദ് ഒന്നും മിണ്ടിയില്ല.
അമ്മ അവനെ നിർഭന്ധിച്ചു,അവസാനം അവൻ
കാര്യം പറഞ്ഞു :"അത്...അമ്മേ ഞാൻ ഇനി
പറയാൻ പോകുന്ന കാര്യം അമ്മയ്ക്ക് ഒരു നിസ്സാര
കാര്യം ആയിരിക്കും".”ഇല്ല മോനേ നീ
പറയൂ...””ആ ഞാൻ പറയാം.അമ്മേ ഞാൻ
എപ്പോൾ ഒൻപതാം ക്ലാസ് കഴിഞ്ഞില്ലേ ഇനി
പത്താം ക്ലാസിലേക്ക് പോവുകയാണല്ലോ...ഇനി
ഒരുവർഷം മാത്രമല്ലേ എന്റെ സ്കൂളിനേയും
കൂട്ടുകാരെയും കാണാൻ സാധിക്കുകയുള്ളൂ...
അതാ എനിക്കൊരു വിഷമം പോലെ.”ഇതുകേ
ട്ട് അമ്മ പറഞ്ഞു.”അയ്യേ ഇതാണോ നിന്റെ പ്രശ്നം?
ഇതൊക്കെ സാധാരണയല്ലേ മോനേ
,നീ ഈ സ്കൂളിൽ നിന്നും പോയാൽ അടുത്ത സ്കൂളിൽ
പോവാൻ തുടങ്ങുമ്പോൾ അവിടെ നി
നക്ക് പുതിയ കൂട്ടുകാരെ കിട്ടും,അതിനൊന്നും നീ
വിഷമിക്കേണ്ട മോനേ...” ”ഹ്ം...”അഭിനന്ദ്
മൂളുകമാത്രം ചെയ്തു.
അവധിക്കാലത്തിനുശേഷം അവൻ സ്കൂളിലേക്കു
പോയി പത്താം ക്ലാസിലെ പഠനം കഴിഞ്ഞ്
പത്താം ക്ലാസ് പബ്ലിക്ക് പരീക്ഷ അവൻ നന്നായി
എഴുതി.

സെന്റോഫിന്റെ സമയത്ത് അവന്റേതായ
അഭിപ്രായം പറയാനായി സ്റ്റേജിലേക്ക് വിളിച്ചു.
അവൻ ഒറ്റവാക്കിൽ എല്ലാം പറഞ്ഞു തീർത്തു
അവൻ പറഞ്ഞു:”മാഷേ ഞാൻ ഈ സ്കൂൾ വിട്ട്
പോവുന്നില്ലാ...”



SANGEERTHANA
IX A

# സൗഹൃദത്തിൻെറ ആഴം

ഒരു വേനലവധികാലമായി ഒരു കുട്ടി തൻെറ മുത്തശ്ശിയുടെ തറവാട്ടിൽ ചെന്ന് കുറച്ചുനാൾ താമസിച്ചു. അമ്മുവിന് സന്തോഷമായിരുന്നു. അവിടെ കുറേ കാണാനുണ്ട്.ഒരു പച്ചവിരിച്ചവയൽ വരമ്പിലൂടെ നടന്നുപോകാൻ എന്തൊരു രസമാണ്.അവിടെ കളിക്കാൻ കുറേ കുട്ടികൾ ഉണ്ട് പക്ഷെ അമ്മ വഴക്കുപറയും.

ഞാൻ കാഴ്ച്ചകൾ കണ്ട് വരുമ്പോൾ ഒരു പക്ഷിയെ കണ്ടു എന്ത് ഭംഗിയാണാ പക്ഷിയെ കാണാൻ അവൾ ആ പക്ഷിയെ നോക്കുമ്പോൾ അവൾക്ക് അതിനെ വീട്ടിൽ കൊണ്ടുപോകണമെന്ന് തോന്നി. അവളുടെ മനസ്സിൽ ആ പക്ഷിയുടെ ചിത്രമാണ് .അവളുടെ മനസ്സിൽ അവൾ ഉറങ്ങുമ്പൊൾ ഒരു സ്വപ്നം കണ്ടു അത് ആ പക്ഷിയുടെ സ്വപ്നം. “അവൾ മുത്തശ്ശിയുടെ വീട്ടിൽ കൊണ്ടുപോയി അവളുടെ അമ്മപറഞ്ഞു ,നീ അതിനെ കൊണ്ട് കളഞ്ഞിട്ടുവരാൻ.അമ്മുവിന് സങ്കടമായി അതു കൊണ്ട്അവൾ അമ്മയുടെ മുഖത്ത് നോക്കി പറഞ്ഞു.. “അമ്മേ അത് ഒരു മനുഷ്യജീവി അല്ലെ ,ഞാൻ ആണെങ്കിൽ അമ്മ എന്നെയും കൊണ്ട് കളയുമോ? പുറത്ത് ഒരു പക്ഷിയുടെ ശബ്ദം കേട്ട് അമ്മു ഞെട്ടി എഴുന്നേറ്റു.അവൾ പുറത്ത് നോക്കിയപ്പോൾ ഇന്ന് കണ്ട പക്ഷി വീട്ടുമുറ്റത്ത്. അവൾ വിചാരിച്ചു ഇപ്പൊൾ കണ്ട സ്വപ്നം സത്യം ആകുമെന്ന്.രാത്രി മുത്തശ്ശി ഒരു കഥ പറഞ്ഞിരുന്നു ഒരു പഷിയുടെ കഥ. ഒരു ദിവസം ഒരു പക്ഷി തൻെറ അമ്മയെ അന്വേക്ഷിച്ച് ഒരു ഗ്രാമത്തിൽ ചെന്നു.ആ ഗ്രാമത്തിൽ കുറേ മൃഗങ്ങൾ, പക്ഷികൾ അങ്ങനെ എല്ലാ ജീവജാലങ്ങളും ഉണ്ടായിരുന്നു.അതിൽ ആ പക്ഷിയെ പോലെ ഒരു പക്ഷി ഉണ്ടായിരുന്നു. ആ പക്ഷി ആകാശത്തു നിന്ന് അമ്മകിളി വന്നു അതിനെ സഹായിച്ചു പക്ഷേ അതിനെ രക്ഷപ്പെടുത്താൻ പാടുപ്പെട്ടു.കുറച്ച് നേരം പാടുപ്പെട്ട് ആ പക്ഷിയെ രക്ഷപ്പെടുത്തി.പക്ഷേ അത് തന്റെ അമ്മയെല്ലായെന്ന് മനസിലായി. ആ പക്ഷി തന്റെ സുഹൃത്തായി അവർ അവിടെ നിന്നും പാറിപോയി അവരുടെ സൗഹൃദത്തോടെ അവർ അമ്മുവിന്റെ വീട്ടിൽ പോയി അമ്മുവിന് ഈ രണ്ടു പക്ഷികളെ കണ്ടിട്ട് മനസ്സിലായില്ല പിന്നെ ഒന്നു സൂക്ഷിച്ച് നോക്കിയപ്പോൾ ഒരു പക്ഷി അന്ന് വയൽ വരമ്പിലൂടെ കണ്ട പക്ഷി ആയിരുന്നു.എനി മുതൽ ഇവർ രണ്ടു പേർ അമ്മുവിന്റെ തറവാട്ടിൽ ഒരു അംഗത്തെപോലെയാണ്. കുറച്ചുനാൾ കഴിഞ്ഞ് അമ്മുവിന്റെയും ആ രണ്ട് പക്ഷികളുടെയും കഥ.

“മുത്തശ്ശി പറഞ്ഞ കഥ ഒരു ശരിക്കും നടന്നകഥയാണ്.ആ രണ്ടു പക്ഷികളുടെ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ത്യാഗത്തിന്റെയും കഥയാണ്..



ALEENA
VIII

# മായാത്ത ദുഃഖം

അന്നതന്റെ ആദ്യത്തെ ദിവസമായിരുന്നു. വൃദ്ധസദനത്തിലെ വരാന്തയിലിരുന്ന് സാറാമ്മ ചിന്തിച്ചു.അതുകണ്ട് അന്നമ്മ സാറാമ്മ-യുടെ അടുത്ത് വന്നിരുന്ന് പറഞ്ഞു.“എന്തിനാ ഇങ്ങനെ വിഷമിച്ചിരിക്കുന്നത് എന്ന് എനിക്ക് മനസ്സിലായി.സാറാമ്മേ ,ആദ്യത്തെ കുറച്ച് ദിവസം എനിക്കും ഈ ദുഃഖം ഉണ്ടായിരുന്നു.പിന്നെ പിന്നെ ഇത് എന്നും ഒരു ദുഃഖം തന്നെ ആണെന്ന് മനസ്സിലായി.എവിടെ ആണെങ്കിലും ഇനി മരണം വരെ ജീവിക്കാമെന്ന് തീരുമാനിച്ചു.കുറച്ചു നാൾ കഴിയുമ്പോൾ സാറാമ്മയ്ക്ക് ഈ വിഷമം എല്ലാം മാറിക്കോളും.”



അപ്പോൾ സാറാമ്മ അന്നമ്മയുടെ മുഖത്തേക്ക് നോക്കി പറഞ്ഞു.
“പക്ഷേ , എന്നെ ഏറെ വിഷമിപ്പിച്ചത് എന്നെ ഇവിടെ തനിച്ചാക്കി പോകുമ്പോൾ ഒരു വാക്കുപോലും പറയാതെ പോയല്ലോ എന്നാണ് .” സാറാമ്മ കരയാൻ തുടങ്ങി.അപ്പോൾ അന്നമ്മയ്ക്ക് നല്ല വിഷമം ആയി.അന്നമ്മയ്ക്ക് എന്ത് പറഞ്ഞ് ആശ്വസിപ്പിക്കണം എന്ന് മനസ്സിലായില്ല.കാരണം ,അന്നമ്മയ്ക്ക് ആ വേദന മനസ്സിലാവും.രാവും പകലും ഒന്നാക്കി കഷ്ടപ്പെട്ട് ഒരു കുറവും വരുത്താതെ പൊന്നുപോലെ വളർത്തിയവർ തന്നെ ഇങ്ങനെ ഒറ്റയ്ക്ക് ആക്കി പോവുമ്പോൾ സഹിക്കാൻ കഴിയില്ല. എന്നാലും സാറാമ്മയുടെ കരച്ചിൽ നിർത്താൻ അന്നമ്മ പറഞ്ഞു. “ സാറാമ്മേ , ഇത് പോലെ എത്ര അമ്മച്ചിമാർ ഇവിടെ ഇങ്ങനെ കരഞ്ഞുവെന്നോ. പിന്നെ , അവർ അതെല്ലാം മനസ്സിലൊതുക്കി ജീവിക്കുന്നു.ഈ ഞാനും. സാറാമ്മയുടെ മക്കൾ ഇതെല്ലാം കാണുന്നുണ്ടാവും.ഇതു തന്നെയല്ലേ അവർ വളർന്നുവരുമ്പോൾ ചെയ്യുക.വയസ്സായ അച്ഛനും അമ്മയും എല്ലാ മക്കൾക്കും ഭാരമാണ്.” സാറാമ്മ പറഞ്ഞു. “ അന്നമ്മ പറഞ്ഞത് ശരിയാ.മക്കളുടെ തിരക്കുകളിൽ നമ്മെ തിരിഞ്ഞു നോക്കുവാൻ പോലും അവർക്കു സമയം ഇല്ല. ഇനിയുള്ള കാലം ഇവിടെയാണ്.” സാറാമ്മ പറഞ്ഞു. “ എന്നാൽ , വാ...ഇവിടം ഒക്കെ കാണാം.” അന്നമ്മ എഴുന്നേറ്റ് സാറാമ്മയേയും കൂട്ടി നടന്നു.



SIYONA SAJITH
VIII A

# അവർ

വച്ചപ്പ് നിറഞ്ഞ ഒരു ഗ്രാമത്തിലൂടെ ഒരു കൂട്ടം കുട്ടികൾ കലപില ശബ്ദത്തോടെ നടന്നു നീങ്ങുകയാണ്.
എല്ലാവരും അവരെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.അവർ എല്ലാവരും പെൺകുട്ടികളായിരുന്നു.അവർ ആറുപേരുണ്ടായിരുന്നു.അവർക്ക് ഈ ഗ്രാമത്തെ കുറിച്ച് ഒട്ടും അറിയില്ലായിരുന്നു .പേരുപോലും അറിയില്ല.അവരിൽ ഒരാൾ ഒരു തട്ടുകടക്കാരനോട് ഏത് ഗ്രാമമെന്നും ഏതു വഴി പോകണമെന്നും ചോദിക്കാം എന്ന് പറഞ്ഞു.ഈ പെൺകുട്ടിയാണ് ഈ കൂട്ടത്തിൽ മൂത്തതും പേടിയില്ലാത്തവളും.ബാക്കി അഞ്ചുപേരിൽ മൂന്ന് പേർ രണ്ട് വയസ്സ് ഇളയതും ബാക്കി രണ്ട് പേർ ഒരു വയസ്സ് ഇളയതുമായിരുന്നു.ഇവളുടെ പേര് അശ്വതി എന്നായിരുന്നു.അശ്വതിയെ അച്ചു എന്നായിരുന്നു വിളിച്ചിരുന്നത്.അച്ചു ആ തട്ടുകാരന്റെ അടുത്ത് ചെന്ന് കാര്യം തിരക്കി. അയാൾ പറഞ്ഞു. “ മക്കളെവിടെ നിന്നാ വരുന്നത് ? എവിടെയാ വീട് ? എവിടെയാ പോകുന്നത് ?” അച്ചു ഒന്നിനും തീർത്തും മറുപടി പറഞ്ഞില്ല. അവൾ പറഞ്ഞു. “ കുറച്ചു ദൂരത്തു നിന്നാ വരുന്നത്.” എന്ന് മാത്രമാണ് അവൾ പറഞ്ഞത്. അയാൾ പിന്നീട് പറഞ്ഞു. “ മക്കളെന്തിനാ ഇങ്ങോട്ട് വന്നത് ? ഇവിടെ ആരും അങ്ങനെ വരാറില്ലല്ലോ.” എന്ന് പറഞ്ഞു. ബാക്കിയുള്ള എല്ലാവർക്കും അത് കേട്ടപ്പോഴേക്കും പേടിയായി. അവർ അവിടെ നിന്ന് യാത്രയായി. അവർ ഒരു കൂട്ടുകാരിയുടെ വീട് അന്വേഷിച്ചാണ് പോകുന്നത്. അവർ കേട്ടുവച്ച് ആ ഗ്രാമത്തിനടുത്താണ് എന്നാണ് അവരുടെ അറിവ്. ഇപ്പോൾ തന്നെ വൈകുന്നേരത്തോടടുത്തിരുന്നു. അവർ ആരും വീട്ടിൽ പറയാതെയാണ് വന്നത്. അതുകൊണ്ടാണ് അവർക്ക് പേടിയാകുന്നത്.അവർ നടന്ന് നടന്ന് അവസാനം കുറെ വീടുകളുള്ള ഒരു പ്രദേശത്തെത്തി. അവിടെ കുറെ കുട്ടികൾ ഗ്രൗണ്ടിൽ കളിക്കുന്നുണ്ടായിരുന്നു. അവരുടെ കുറച്ച് അമ്മമാർ ഗ്രൗണ്ടിനരികിൽ ഇരിക്കുന്നുണ്ട്. അവർ എന്തൊക്കെയോ പറഞ്ഞുകൊണ്ട് ഇരിക്കുകയാണ്. അച്ചു അമ്മമാരിൽ ഒരാളോട് അവർ അന്വേഷിച്ച് നടക്കുന്ന കൂട്ടുകാരിയുടെ വീട്ടിലേക്കുള്ള വഴി ചോദിച്ചു മനസ്സിലാക്കി. അവർ പറഞ്ഞ വഴിയിലൂടെ നടന്നു നീങ്ങി. ആ പെൺകുട്ടികൾ അവരുടെ കൂട്ടുകാരിയുടെ വീട്ടിൽ എത്തി. അവളുടെ കൂടെ കുറച്ചു സമയം ചിലവഴിച്ച ശേഷം സന്ധ്യയ്ക്ക് മുൻപേ അവർ വീട്ടിലേക്ക് മടങ്ങി.




ആൽഫിയ തോമസ്
9.A

# ഗ്രാമത്തിലെ സുഖം


പട്ടണത്തിൽ ചെറിയ ഒരു വീടുണ്ടായിരുന്നു. ആ വീട്ടിൽ അമ്മ,അച്ചൻ,മകൻ,മകൾ
ഈ നാല് പേർ താമസിച്ചിരുന്നു.മകൻ അപ്പു ,മകൾ അമ്മു അപ്പു രണ്ടാം ക്ലാസ് വിദ്യാർത്ഥിയും അമ്മു ഏഴാം ക്ലാസ് വിദ്യാർഒരുത്ഥിനിയുമാണ് അവരുടെ അച്ഛൻ മരപ്പണിക്കാരനാണ്. അങ്ങനെ ഒരിക്കൽ പട്ടണത്തിൽ നിന്ന് ഗ്രാമത്തിലേക്ക് പോകാൻ തീരുമാനിച്ചു.പട്ടണത്തിൽ വളരെ ചൂടായിരുന്നു.അവർ ഗ്രാമത്തിൽ പോകേണ്ട ഏർപ്പാടെടുത്ത് കുറച്ചു ദിവസം കഴിയുമ്പോഴേക്കും അവർ ഗ്രാമത്തിൽ എത്തി.അപ്പുവിന് കളിക്കാൻ പറ്റിയ നല്ല സ്ഥലമാണ് അപ്പു അവിടെ ആദ്യം നോക്കിയത് അവൻ സ്ഥലം കണ്ട ഉടൻ അമ്മുവിനോട് പറഞ്ഞു. "ചേച്ചീ ഇതാ നമുക്ക് കളിക്കാൻ പറ്റിയ സ്ഥലം ”

ഇതു കേട്ട അമ്മു ഓടിവന്ന് പറഞ്ഞു.

“വാടാ നമുക്ക് വീടിന്റെ അകത്ത് നോക്കാം അവിടെയും കളിക്കാൻ സ്ഥലമുണ്ടാവും ”

"ശരി"എന്ന് അപ്പുവും പറഞ്ഞു.

അങ്ങനെ അമ്മൂമ അടുക്കളയിൽ നിന്ന് പാചകം ചെയ്യുന്ന
തിനിടയിൽ കുട്ടികൾ അടുക്കളയിൽ ചെന്നു അവർ ഓരോ പണ്ട് കാലങ്ങളിൽ കാണുന്ന പാത്രങ്ങളൊക്കെ നോക്കി അതിന്റെ പേരുകളൊക്കെ ചോദിച്ചു. അമ്മയും അച്ഛനും പട്ടണത്തിലേക്ക് തന്നെ പോയി അവർക്ക് അവിടെ ഒരു അത്യാവശ്യകാര്യം ഉണ്ടായതിനാൽ. കുട്ടികൾ അമ്മൂമയുടെ കഥയും പാട്ടുകളൊക്കെ കേട്ട് ഉറങ്ങി.രാവിലെ എഴുന്നേറ്റ്. അമ്മൂമയ്ക്ക് ഒരു പശു ഉണ്ടായിരുന്നു. പശുവിന്റെ പേര് അമ്മിണി. അവർ അമ്മിണിക്ക് പുല്ല് കൊടുത്തും പിന്നെ അവിടുത്തെ മണ്ണിൽ നിന്നൊക്കെ കളിച്ചും ഉല്ലസിച്ചു.അവർ കുറച്ച് ദിവസം ഗ്രാമത്തിൽ സന്തോഷമായി കഴിഞ്ഞു.രണ്ട് മൂന്ന് ദിവസം കഴിഞ്ഞപ്പോൾ
അവരുടെ അമ്മയും അച്ഛനും അവരെ പട്ടണത്തിലേക്ക് കൊണ്ടുപോകാൻ വന്നു.
എന്നിട്ട് പറഞ്ഞു "വാ മക്കളേ നമുക്ക് പോകണ്ടെ "
മനസ്സില്ലമനസ്സോടെ അമ്മൂമയോട് റ്റാറ്റ പറഞ്ഞ് അവർ
പട്ടണത്തിലേക്ക് മടങ്ങി.



SHARAFIYA
IX A

# ദുബായിൽ നിന്നുള്ള മടങ്ങിവരവ്

ഒരു ഗ്രാമത്തിൽ ഒരു പയ്യൻ ഉണ്ടായിരുന്നു. അവന്റെ പേര് അഖിൽ രാജ് എന്നായിരുന്നു. ആ ഗ്രാമത്തിലെ പാവപ്പെട്ട കുടുംബമായിരുന്നു അവന്റേത്. അവന് 20 വയസ്സായിരുന്നു.അവന്റെ വീട്ടിൽ വയസ്സായ അമ്മയും അച്ഛനുമാണ്. അച്ഛൻ കൃഷിക്കാരൻ ആയിരുന്നു. പക്ഷേ, സുഖമില്ലാത്തതിനാൽ അച്ഛൻ ജോലി മതിയാക്കി.അമ്മയ്ക്കാവട്ടെ ജോലിയുമുണ്ടായിരുന്നില്ല. ഇപ്പോൾ അവരുടെ ജീവിതം മുന്നോട്ടു പോകുന്നത് അച്ഛന്റെ പെൻഷന്റെ പൈസ കൊണ്ടാണ്.

അങ്ങനെ ഒരിക്കൽ അഖിലിന്റെ കൂട്ടുകാരൻവിളിച്ചു പറഞ്ഞു : “എടാ ദുബായിയിൽ ഒരു ഡ്രൈവർ ആയി ജോലിഒഴിവുണ്ട്, നീ വരുന്നോ " എന്ന് പറഞ്ഞു : അഖിൽ “ആ എന്റെ വീട്ടിലെ സാമ്പത്തികാവസ്ഥ നിനക്ക് അറിയില്ലേ.അതിനാൽ ഞാൻ വരാം എന്നും പറഞ്ഞു.അങ്ങനെ അഖിൽ അമ്മയോടും അച്ഛനോടും ഇക്കാര്യം പറഞ്ഞു.അവരും സമ്മതിച്ചു.അപ്പോൾ അമ്മ പറഞ്ഞു : “നിനക്ക് വിമാനത്തിൽ പോകാനും പൈസ വേണ്ടേ.അത് എന്റെ കൈയ്ഒരുവളയുണ്ട്.അതു ഞാൻ നിനക്കു തരാം.അത് നമ്മുക്ക് വിൽക്കാം.”അങ്ങനെ അവൻ 28ാം തിയതിയിലേ-്ക് ടിക്കറ്റ് ബുക്കിങ് ചെയ്തു.അഖിൽ അമ്മയോടും അച്ഛനോടും യാത്ര പറഞ്ഞു പോയി.അവൻ ദുബായിൽ ചെന്ന് അവന്റെ കൂട്ടുകാരനെ കണ്ടു.കൂട്ടുകാരന്റെ മുഖത്ത് ഒരു സന്തോഷവുമുണ്ടായിരിന്നില്ല.
അപ്പോൾ കൂട്ടുകാരൻ പറഞ്ഞു. “എടാ ഞാൻ പറയുന്നതിൽ ഒന്നും തോന്നരുത് ഡ്രൈവർ ജോലി മറ്റൊരാൾ ഏറ്റെടുത്തു.ഞാൻ പറഞ്ഞിരുന്നു അഖിൽ എന്ന എന്റെ കൂട്ടുകാരൻ വരും .എന്നിട്ട് നിന്നെ ഇന്നലെ വരെ കാത്തിരുന്നു. നിന്നെ കാണാത്തപ്പോൾ വേറെ ഒരാൾക്ക് കൊടുത്തു.” അഖിൽ ഞെട്ടി പോയി.കരഞ്ഞു
പോയി.
അപ്പോൾ കൂട്ടുകാരൻ പറഞ്ഞു. “ നീ ഇന്ന് എന്റെ റൂമിൽ കഴിഞ്ഞ് നാളെ പോയാൽ മതി.”അങ്ങനെ അഖിൽ നാട്ടിലേക്ക് മടങ്ങി. അമ്മയോടും അച്ഛനോടും ഒന്നും പറയാനാവാതെ അഖിൽ നിന്ന്. അവന്റെ നിൽപ്പ് കണ്ടപ്പോ അവർക്ക് മനസ്സിലായി.

കുറച്ച് ദിവസങ്ങൾക്ക് ശേഷം അവൻ ഒരു കൂലിപ്പണിക്ക് പോകാൻ തുടങ്ങി. അതിനു ശേഷം അവർ സുഖമായി ജീവിച്ചു.



FIDHAFATHIMA
IX A

# അടൂർ ഗോപാലകൃഷ്ണൻ

പ്രശസ്ത മലയാള ചലചിത്ര സംവിധായകനാണ്
അടൂർ ഗോപാലകൃഷ്ണൻ. തിരക്കഥാരചനയിലും
സംവിധാനത്തിലും ഡിപ്ലോമയുമായി 1965 ൽ
പൂനെ ഇൻസ്റ്റിറ്റ്യൂട്ടിൽ ചലചിത്ര പഠനം പൂർത്തി-
യാക്കിയ അടൂർ ഗോപാലകൃഷ്ണൻ അതേവർഷം
തന്നെ കുളത്തൂർ ഭാസ്കരൻ നായരുടെ പങ്കാളിത്ത-
ത്തോടെ കേരളത്തിലെ ആദ്യത്തെ ഫിലിം
സൊസൈറ്റിയായ തിരുവനന്തപുരത്തെ ചിത്ര-
ലേഖ ഫിലിം സൊസൈറ്റിയും സ്വതന്ത്ര്യമായി
സിനിമകളുടെ നിർമ്മാണവും വിതരണവും
പ്രദർശനവും നിർവഹിക്കാനായി ചിത്രലേഖ
ഫിലിം കോപ്പറേറ്റീവും സ്ഥാപിക്കുകയുണ്ടായി.
ഇത്തരത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ സ്വത-
ന്ത്ര്യ സ്ഥാപനമാണ് ചിത്രലേഖ ഫിലിം കോപ്പ-
റേറ്റീവ്.

കേരളത്തിൽ സമാന്തര സിനിമയുടെ പിതൃ-
ത്വം അടൂരിന് അവകാശപ്പെടാവുന്നതാണ്. കേരള-
ത്തിലെ ആദ്യത്തെ സിനിമ നിർമ്മാണ സഹക-
രണ സംഘം ആയ ചിത്രലേഖ അടൂർ മുൻകൈ-
യെടുത്ത് രൂപവത്കരിച്ചു. അരവിന്ദൻ , പി . എ
ബക്കർ , കെ . ജി . ജോർജ് , പവിത്രൻ , രവീന്ദ്രൻ
തുടങ്ങിയ ഒട്ടനവധി സംവിധായകരെ പ്രചോദി-
പ്പിക്കുവാൻ ചിത്രലേഖയ്ക്ക് കഴിഞ്ഞു. അടൂരിന്റെ
ചിത്രങ്ങൾ ഇന്ത്യയിലും വിദേശത്തും ശ്രദ്ധിക്ക-
പ്പെട്ടിട്ടുണ്ടെങ്കിലും അവയെക്കുറിച്ചുള്ള ജേർണലി-
സ്റ്റ് നിരൂപണങ്ങളും അഭിമുഖങ്ങളും അല്ലാതെ
അക്കാദമിക്ക് പഠനങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല .
അടൂർ സിനിമകളെക്കുറിച്ചുള്ള ഇംഗ്ലീഷിലെ ആദ്യ-
ത്തെ ലേഖനസമാഹാരം പ്രസിദ്ധീകൃതമായത്
2006 ലാണ് . സ്വയം വരം , കൊടിയേറ്റം , മതി-
ലുകൾ , വിധേയൻ , നാല് പെണ്ണുങ്ങൾ തുടങ്ങി-
യവ അടൂർ സംവിധാനം ചെയ്ത ചില ചിത്രങ്ങളാ-
ണ് .



NANDHA
IX A

# ചന്ദ്രുവിന്റെ യാത്ര

ഡോ.എ.വി.രഘു എഴുതിയിട്ടുള്ള ബാലസാഹിത്യ കൃതിയാണ് 'ചന്ദ്രുവിന്റെ യാത്ര'.ഈ കഥയെ ഏഴ് ഭാഗങ്ങളാക്കിയാണ് അവതരിപ്പിച്ചിരിക്കുന്നത്. ചിന്നക്കര എന്ന ഒരു ഗ്രാമത്തിൽ താമസിക്കുന്ന ഒരു പാവം കുട്ടിയാണ് ഈ കഥയിലെ പ്രധാന കഥാപാത്രം ചന്ദ്രുശേഖരൻ എന്നാണ്

അവന്റെ പേര് എല്ലാവരും അവനെ ചന്ദ്രു എന്ന് വിളിക്കും. സാഹചര്യങ്ങൾ കൊണ്ട് കൊണ്ട് കള്ളൻ എന്ന് മുദ്രക്കുത്തുകയാണ് ചന്ദ്രുവിനെ നാട്ടുകാർ. ചന്ദ്രുവിന് ലോകത്ത് ഏറ്റം ഇഷ്ടം അവന്റെ അച്ഛനെ ആയിരുന്നു. ഒരു ദിവസം അവൻ വീടിന്റെ പുറത്തുനിന്ന് കളിച്ചു കൊണ്ടിരിക്കുമ്പോൾ പെട്ടന്ന് അവിടെക്ക് കുറച്ച് ആളുകൾ അംബുലൻസിൽ വരികയും അവന്റെ അച്ഛനെ എടുത്ത ഉമ്മറത്ത് വച്ചു ആദ്യമൊന്നും അവന് ഒന്നു മനസിലായില്ല പിന്നീട് അവൻ അത് മനസിലാക്കി. കഴിഞ്ഞ തവണ വന്നപ്പോൾ ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല അടുത്ത തവണ വരുമ്പോൾ ഒരു നോട്ടുബുക്കും കൂടെ കൊണ്ടുവരണം എന്ന് അവൻ പറഞ്ഞിരുന്നു . അവൻ അച്ഛനെ കുറിച്ച് തന്നെ ഓർത്തിരുന്നു അങ്ങനെ യിരിക്കെ കുടുംബം നോക്കൻ വേണ്ടി അവന്റെ അമ്മ അന്യനാട്ടിലേക്ക് ജോലിക്കായി പോയി പിന്നെ അവന്റെ അമ്മ തിരിച്ചു വന്നില്ല എവിടെയെന്നോ

എന്തെന്നോ ചന്ദ്രുവിന് അറിയില്ല അവൻ വീട്ടിൽ തനിച്ചാണ് ഉണ്ടായത് എന്നാൽ അവരുമായി ഒരു ബന്ധവുമില്ലാത്ത കാണായിമുത്തി എന്ന ഒരു സ്ത്രീയാണ് പിന്നീട് അവനെ സഹായിച്ചതും സമാധാനിപ്പിച്ചതും ഒക്കെ അവന്റെ കൂടെയുള്ള കുട്ടികളൊക്കെ ടയർ ഉരുട്ടി കളിക്കുമ്പോൾ അവനും അങ്ങനെ കളിക്കണം എന്ന് തോന്നുകയും അവൻ അവരോട് തനിക്കും അത് കളിക്കാൻ ചോദിച്ചെങ്കിലും അവർ കൊടുത്തില്ല. അന്ന് ഒരു ടയറിന് ഒരു നാണയം ആയത് കൊണ്ട് അന്നത്തെ സാഹചര്യം കൊണ്ട് അത് അവന് വാങ്ങാൻ പറ്റില്ല. അതുകൊണ്ട് തന്നെ അവൻ ഒരു രാത്രിയിൽ ആരും കാണാതെ ഒരു ടയർ മോഷ്ടിക്കുന്നു. അങ്ങനെയാണ് അവൻ ആദ്യമായി മോഷ്ടിക്കുന്നത്. പിന്നീട് പലപ്പോഴും മാറ്റാനും മോഷ്ടിച്ചു. ഒരിക്കൽ ഒരാൾ അത് കാണുകയും നാട്ടുകാരെ

വിളിച്ചറിയിച്ച് അവനെ ഒരു മരത്തിൽ ഒരു രാത്രി മുഴുവൻ കെട്ടിയിടുകയും ചെയ്തു.

അങ്ങനെ രാവിലെ നാട്ടുപ്രമാണി വന്ന് അവന് ഒരു ശിക്ഷ കൊടുക്കുകയും ചെയ്തു. ഒരു മാസത്തേക്ക് നാടുവിട്ട് പോയി ആനപ്പന മലയിലേക്ക് പോകാൻ പറയുകയും ചെയ്തു. അങ്ങനെ അവൻ യാത്ര തുടങ്ങി കുറച്ചു പേടി ഉണ്ടെങ്കി

ലും അവൻ പോകാൻ തന്നെ തീരുമാനിച്ചു.അവൻ പോകും വഴിയിൽ ശങ്കരേട്ടൻ പറഞ്ഞതൊക്കെ ഓർത്തു. കാടിനെ കുറിച്ചും ഒക്കെ നല്ല ബോധ്യമുള്ള ആളാണ് ശങ്കരൻ. അങ്ങനെ അവന്റെ വല്ല്യച്ഛൻ പറഞ്ഞതും അവൻ ഓർത്തെടുത്തു. ആയുർവേദ മരുന്നുകൾ ഉണ്ടാക്കാൻ കാട്ടിൽ നിന്ന് അതിനുവേണ്ടി യുള്ള സാധനങ്ങൾ പറിച്ചും ശേഖരിച്ചു വരുന്നതാണ് അദ്ദേഹത്തിന്റെ ജോലി. ചന്ദ്രു അവിടെ പോയി നിൽക്കുമ്പോൾ വല്ല്യച്ഛൻ ഓരോ ചെറുകഥകളിലൂടെ കാടെന്തെന്നും പറഞ്ഞ് തന്നത് അവൻ ഓർത്തു. അവൻ എല്ലാം സൂക്ഷ്മമായി ശ്രദ്ധിച്ചു മുന്നോട്ടു പോയി. കാട് അവന് നല്ല നല്ല പാഠങ്ങളും അനുഭവങ്ങളും നൽകി പതിയെ അവൻ പ്രകൃതി ആസ്വദിച്ചു തുടങ്ങുന്നു

ഓരോന്നു കാണുമ്പോൾ പലരെയും അവൻ ഓർത്തു. അങ്ങനെ കാടിനെ ഇഷ്ട്പ്പെട്ടും കാറ്റിനെ ആസ്വദിച്ചും ചെടികളെ തലോടിയും മൃഗങ്ങളെ കൗതുകത്തോടെ നിരീക്ഷിച്ചും അവൻ ആ യാത്ര തുടർന്ന് കൊണ്ടിരുന്നു.



SREENANDA IX B

# മായുന്ന കുട്ടിക്കാലം




ആറ്റിൻകരയിലൂടെ നടന്നുനീങ്ങുമ്പോൾ
ബാല്യത്തിൻ നിറം മങ്ങാത്ത കുഞ്ഞുങ്ങൾ
സിഗററ്റ് വലിച്ചും പുകയായി എരിഞ്ഞടങ്ങുന്ന
ബാല്യങ്ങളായി മാറും കാഴ്ച്ചകൾ.....
കണ്ണിൽ ഇരുട്ടും പകർന്നീടും നേരം
ഓടിയും ചാടിയും നടന്ന ബാല്യക്കാലം
മനസ്സിൽ നിറഞ്ഞു.....
മാവിൻ ചുവട്ടിലിരുന്നും ഇലകളെല്ലാം
വാരിക്കൂട്ടിയും....
പണത്തിന്റെ മഹത്യം അറിഞ്ഞും ഭാവിയിലെ
സ്വപ്നങ്ങൾ-
നെയ്യെടുത്തക്കാലം
അന്തിയുറങ്ങുമ്പോൾ മുത്തശ്ശി ഉരച്ചയും
കഥകളിൽ നിറഞ്ഞ അനുഭങ്ങളിലത്രയും
ജീവിതത്തിൽ വഴിക്കാട്ടിയായി.....
ബാല്യക്കാലാനുഭവങ്ങൾ നിറപകിട്ടേകുമ്പോഴും
ഒരിക്കലും ഉണങ്ങാത്ത മുറിവ് എൻ
ഹൃദയത്തിൽ-
ബാക്കിയായി.......
വെള്ളപ്പുതച്ച് മുത്തശ്ശി വന്നപ്പോൾ-
മാറോടണച്ച് ഞാൻ
യാത്രയാക്കി




തന്മയ.എ.എം

മഴ വന്നു
മഴ വന്നു
ചാറ്റൽ മഴ വന്നു
കാറ്റു വീശി
ഇളം കാറ്റു വീശി

പൂവ് വിരിഞ്ഞേ
മഞ്ഞ പൂവ് വിരിഞ്ഞേ
കുളം നിറഞ്ഞേ
മീൻ ചാടി മറഞ്ഞേ



നവനീത് വി വി



## നിറകണ്ണിൽ

കണ്ണീരാറ്റിൽ നിറകണ്ണിൽ
തോണിയിൽ മന്ദസ്മിതയിൽ
മദനമായ് ഒരുകുഞ്ഞുളുവലിൻ
സ്പർശമായ് ഞാനും നീയുമീ
യാത്രയിൽ തുല്യ ദുഃഖിതർ

-മന്യ.കെ



# കേരളം

പച്ചവിരിച്ച നെൽപാടാമുള്ള കേരളം

ദൈവത്തിന്റെ സ്വന്തം നാടായ കേരളം
കേരവൃക്ഷത്താൽ സുന്ദരമായ കേരളം
ആറുകളും പുഴകളും ഉള്ള കേരളം
തിരുവാതിര പിറവിയെടുത്ത കേരളം
മാവേലി രാജാവ് വാണ കേരളം
പൂക്കളുടെ ഗന്ധമുള്ള ഓണത്തിൻനാട് കേരളം
നിരവധി കവികൾതൻ കൃതികളാൽ
സമ്പന്നമായ കേരളം
എന്ത് സുന്ദരമാണി കേരളം

ആദിത്ത് കെ




ആദിത്ത് കെ
VIII A



## ചിന്നിചിതറിയമനസ്സപേറിയവൾ

ഒരു ഭ്രാന്തിയെ പോലെയലഞ്ഞുതിരിയുന്ന
ചിറകടിക്കാനാവാതെയായവൾ...
മരിച്ചു മരവിച്ചപോൽ ജീവിക്കുന്നു...
ജനിച്ചുവീണതെന്തിനെന്നുപോലുമവൾ
ചോദിക്കാതെ ചോദിച്ചു പോവുന്നു...
കണ്ണുനീരും വറ്റിവരണ്ടവളുടെ ചേതസറ്റ
നയനങ്ങളിൽ...ഊമയായി മാറിയിരി
ക്കുന്നവൾ...പിടയുന്ന തന്റെ ജീവനിൽ...
പെട്ടന്നതാ...രണ്ട് കരങ്ങൾ അവളെ
തലോടുന്നു...മരവിച്ച അവളുടെ
ശരീരം അയാൾ തൻ ചൂടിൽ മുറുക്കി
പിടിക്കുന്നു...ചവർപ്പ് പുരണ്ട അവളുടെ
അധരങ്ങളിൽ ചെറു തേൻ തുള്ളികൾ
കനിയുന്നു...പുതുവസന്തത്തിലേക്കവളെ
ആനയിക്കുന്നു...ചിന്നിചിതറിയ
അവൾ തൻ മനസ്സിനെ തുന്നിച്ചേർത്ത്
അരികെ ആ ഒരാൾ
ചേർന്നു നിൽക്കുന്നു...



ഫിദ.എസ്.പി

10.A

# പൂമ്പാറ്റ

എൻ കൊച്ചു തോട്ടത്തിൽ
വിരുന്നു വന്നൊരു
പൂമ്പാറ്റേ നിനക്കെന്തു ചന്തം !
പൂവുകൾ തോറും പാറിനടന്നു നീ
പൂവോടെന്ത് പറഞ്ഞു ?
മറ്റുള്ള തോട്ടത്തിൽ എന്തു വിശേഷം?
ആരൊക്കെയാണ് നിൻ പുതു കൂട്ടുകാർ
എന്തുണ്ട് അവരുടെ പുത്തൻ വിശേഷം?
കേൾക്കാനായി ഞാനിതാ നിൽപ്പൂ...
കേൾക്കാനായി ഞാനിതാ നിൽപ്പൂ...



**തീർത്ഥ പി.കെ**
VIII A

നഗരത്തിൽ വണ്ടിയുമായി
ഓടിനടക്കും തങ്കച്ചൻ

ഓടിനടക്കും തങ്കച്ചൻ

നഗരം മൊത്തം കറങ്ങി നടന്ന്

തിരിച്ച് ഫ്ലാറ്റിൽ എത്തി തങ്കച്ചൻ

കുളിച്ച് കുളിച്ച്

പിന്നെ

കിടന്നുറങ്ങി തങ്കച്ചൻ

പിറ്റേന്ന് രാവിലെ എഴുന്നേറ്റ്

തങ്കച്ചൻ പുറത്തേക്കു പോയി

വീണ്ടും തുടങ്ങി കറക്കം

പൂച്ചേനീം കൊണ്ടുള്ള കറക്കം



# വർണ്ണക്കൂട്ടുകൾ



NIVED A.V
9A



MARIYAMBI
9A



AHISHNA KV
9A



NIRANJAN P.P
9A




MANYA K
9A



ANAMIKA N
9A



AKSHAY K
9A



# THANK YOU